കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പള്ളിക്കുന്ന് സബ്സെൻററിൻെറ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (കു.ക്ഷേ) വകുപ്പ്

സ.ഉ.(സാധാ) നം. 2247/2010/ആ.കു.വ തീയതി, തിരുവനന്തപുരം, 07.06.2010

---

പരാമർശം: 1. പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 19.12.08-ൽ നടന്ന മീറ്റിംഗിലെ 145/08 (13)-ാം നമ്പർ തീരുമാനം

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.02.2010-ലെ എഫ്. ഡബ്ല്യൂ. എ1-66680/09 ആവഡ നമ്പർ കത്ത്.

## ഉ ത്ത ര വ്

കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലുള്ള പള്ളിക്കുന്ന് സബ്സെൻററിൻെറ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനും ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും പരാമർശം 1 പ്രകാരം പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുള്ളതായും , ആയതിന് സർക്കാരിൻെറ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ സർക്കാരിന് അധികബാധ്യതയുണ്ടാകാത്ത വിധത്തിൽ പള്ളിക്കുന്ന് സബ്സെൻററിന് ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പുതിയ കെട്ടിടം പണിയണമെന്ന വ്യവസ്ഥയിൻമേൽ സബ്സെൻററിൻെറ നിലവിലുള്ള ഉപയോഗശൂന്യമായ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.കെ.ശ്രീജിത്ത്

അണ്ടർ സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കണ്ണൂർ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കണ്ണൂർ

സെക്രട്ടറി, ഗ്രാമപഞ്ചായത്ത്, പള്ളിക്കുന്ന്, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ),കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ആരോഗ്യ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റൻറിന്

സ്പാർക്ക് സെൽ